# KERALA PRIVATE COLLEGE MANAGEMENTS' ASSOCIATION

*(Registered under Travancore-Cochin Literary Scientific & Charitable Societies' Registration Act XII of 1955 Reg.S.No.Tr.12 of 1960, 03-05-1960)*

E mail : kpcma1960@gmail.com

**PRESIDENT**
**Dr.M.E.Kuriakose**
Secretary,
M.O.C Colleges,
Catholicate Aramana,
Devalokam (Po),
Kottayam-686 004
Mob.9447101513

**GENERAL SECRETARY**
**Dr.M.Usman**
V/427 Camp Office,
Schoolparamba,
Pazhamallure (Po)
Malappuram Dt.676 506
Mob.9447255581

**TREASURER**
**Rev. Sr.Dr.Vinitha CSST**
Director,
St.Teresas' College,
Park Avenue, Marine Drive ,
Ernakulam- 682 011
Mob.9961441698

**VICE PRESIDENTS**
**1.Sri.G.Somarajan**
Administrative Officer, S.N.Trust,
Kollam-1
Cell: 9846328700
**2.Dr.P.A. Fazal Gafoor**
President,
M.E.S, Calicut-1
Cell: 9847233800
**3.Sri.P.A.Hilal Babu**
Secretary & Manager
M.S.M College,Kayamkulam
Cell: 9846002725
**4.Sri.C.P.Kunhimohammed**
Manager,
Farook College (Autonomous)
Farook College (Po), Calicut.673632
Cell: 9895099990

**JOINT SECRETARIES**
**1.Manager**
Mar Ivanious College
Thiruvananthapuram- 15
**2.Fr.James John Mangalath**
Principal,
St.Thomas College,Palai- 686575
Cell: 9447140857
**3.Sri.O.Abdul Ali**
Manager,
KAHM Unity Womens' College
Narukara (Po), Manjeri-676122
Cell: 9895478080

**CHIEF ADVISOR**
**Prof.R.Prasannakumar**
(Former President KPCMA . Former Secretary,
N.S.S.Central Committee of Colleges),
MRA No.21, Mythri Nagar,
Perunna East, Changanasery-686102
Cell: 9847053949

**02—4-2020**

## അദ്ധ്യാപക തസ്തികകൾ വെട്ടിക്കുറക്കുന്ന സർക്കാർ ഉത്തരവ് പിൻവലിക്കണം: കേരളാ പ്രൈവറ്റ് കോളെജ് മാനേജ്മെന്റ്സ് അസോസിയേഷൻ

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന രീതിയിൽ വൻതോതിൽ അധ്യാപക തസ്തികൾ വെട്ടിക്കുറക്കുന്ന ഏപ്രിൽ 1-ലെ സർക്കാർ ഉത്തരവ് പിൻവലിക്കണമെന്ന് കേരളാ പ്രൈവറ്റ് കോളെജ് മാനേജ്മെന്റ് സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ.എം.ഇ.കുര്യാക്കോസ്, ജനറൽ സെക്രട്ടറി ഡോ.എം.ഉസ്മാൻ എന്നിവർ പ്രസ്താവനയിൽ ആവശ്യപ്പെട്ടു.ഈ ഉത്തരവ് മൂലം എണ്ണൂറോളം പി.ജി കോഴ്സുകളിലായി എയ്ഡഡ് കോളെജുകളിൽ മാത്രം രണ്ടായിരത്തോളം അധ്യാപക തസ്തികകൾ നഷ്ടപ്പെടും.സർക്കാർ കോളെജുകളിലും സർവ്വകലാശാലാ പഠന വകുപ്പുകളിലും നഷ്ടപ്പെടുന്ന തസ്തികകൾ ഇതിന് പുറമെയാണ്. ഹൈക്കോടതി ഉത്തരവനുസരിച്ച് 18.09.2010 മുതൽ സംസ്ഥാനത്ത് യു.ജി.സി റഗുലേഷൻസ് നിലവിലിരിക്കെ ഇപ്പോൾ യു.ജി.സി റഗുലേഷന്റെ പേരിൽ ഇത്തരമൊരു ഉത്തരവിന് ന്യായീകരണമില്ല.സംസ്ഥാനത്തെ കോളെജുകളിൽ അധ്യാപക ജോലിഭാരം

നിർണ്ണയിക്കുന്നതിനായി കേരളാ ഹയർ എഡ്യുക്കേഷൻ കൗൺസിലിന്റെ ശുപാർശയനുസരിച്ച് 12.0 3.2012 - ന് സർക്കാർ സമഗ്രമായ ഉത്തരവിറക്കിയതാണ്.ഇക്കാര്യം പൂർണ്ണമായി മറച്ച് വെച്ച് കൊണ്ടാണ് ഇപ്പോഴത്തെ ഉത്തരവിറക്കിയിരിക്കുന്നത്.

2013-ൽ അനുവദിച്ച കോഴ്സുകൾക്ക് സ്ഥിരം അധ്യാപക തസ്തികകൾ അനുവദിക്കാതെ ഇപ്പോൾ നിലവിലുള്ള അധ്യാപക തസ്തികകൾ പോലും റദ്ദാക്കുന്ന ഉത്തരവ് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വൻ നിലവാരത്തകർച്ചക്കിടയാക്കും.പി. ജി വെയിറേറജ് എടുത്തു കളയുന്നത് സംസ്ഥാനത്തെ ബിരുദാനന്തര പഠന നിലവാരത്തെ ഏറെ പ്രതികൂലമായി ബാധിക്കും .കോളെജുകളിലെ പി. ജി പഠനവകുപ്പുകൾ ഏറെയും ഗവേഷണ കേന്ദ്രങ്ങൾ കൂടിയാണ്. ഇവിടങ്ങളിലും സർവ്വകലാശാലാ പഠന വകുപ്പുകളിലും ഉത്തരവ് ബാധകമാക്കുന്നത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ തടസ്സപ്പെടുവാനിടയാക്കും.കോളെകളിലെയും സർവ്വകലാശാ പഠന വകുപ്പുകളിലെയും അധ്യാപകരുടെ ജോലി ഭാരം നിർണ്ണയിക്കാൻ നിലവിലെ സർവ്വകലാശാലാ നിയമങ്ങളിലുള്ള മാനദണ്ഡങ്ങൾ കാറ്റിൽ പറത്തുന്ന ഇപ്പോഴത്തെ സർക്കാർ ഉത്തരവ് സർവ്വകലാശാലകളുടെ സ്വയംഭരണത്തിലുള്ള കടന്നുകയറ്റം കൂടിയാണ്.ഈ മാനദണ്ഡങ്ങളുടെ സാധുത ഉയർത്തിപ്പിടിക്കുന്ന നിരവധി കോടതി വിധികളുമുണ്ട്.

ഈ സാഹചര്യത്തിൽ മാർച്ച് 31-ന് നൂറ് കണക്കിന് അധ്യാപകർ സർവീസിൽ നിന്ന് വിരമിക്കുന്ന സമയം തന്നെ തിരഞ്ഞെടുത്ത് ഇത്രയധികം തസ്തികൾ റദ്ദാക്കിയത് സർക്കാർ, എയ്ഡഡ് കോളെജുകളിൽ നിയമനം കാത്തുകഴിയുന്ന ഉന്നത യോഗ്യതകളുള്ള ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളോടുള്ള തുറന്ന വെല്ലുവിളിയായി കണക്കാക്കേണ്ടി വരും. സംസ്ഥാനം അത്യന്തം വേദനാജനകമായ സാഹചര്യങ്ങളിലൂടെ കടന്ന് പോകുന്ന ഈ സമയത്ത് യാതൊരു തരത്തിലുള്ള ചർച്ചകളും കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ ഉത്തരവ് റദ്ദാക്കാൻ മുഖ്യമന്ത്രി അടിയന്തിരമായി ഇടപെടണമെന്ന് മാനേജ്മെന്റ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു.അല്ലാത്ത പക്ഷം നിയമനടപടികളും സംസ്ഥാനത്തെ മുഴുവൻ മാനേജ്മെൻറുകളെയും അണിനിരത്തിയുള്ള പ്രക്ഷോഭ പരിപാടികളുമായി മുന്നോട്ടു പോകുമെന്ന് ഭാരവാഹികൾ അറിയിച്ചു.

ഡോ.എം.ഇ.കുര്യാക്കോസ്, പ്രസിഡന്റ് (944710 1513)

ഡോ.എം.ഉസ്മാൻ ,ജനറൽ സെക്രട്ടറി (94472 55581)

Dr. M.USMAN
General Secretary
Kerala Private College Managements' Association

KERALA PRIVATE COLLEGE MANAGEMENTS' ASSOCIATION Reg. No. TR12/1960 03-06-1960